/

# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 501  01.07.2019- ൽ മറുപടിക്ക്**

## കൈത്തറി വസ്ത്രങ്ങൾക്ക് വിപണി ഉറപ്പാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.മമ്മൂട്ടി<br>ഡോ.എം.കെ.മുനീർ<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.ടി.വി.ഇബ്രാഹിം | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി വസ്ത്രങ്ങൾക്ക് വിപണി ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി വസ്ത്രങ്ങൾക്ക് വിപണി ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>i)കൈത്തറി വസ്ത്രങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ പ്രാഥമിക കൈത്തറി സംഘങ്ങൾ, അപ്പക്സ് സ്ഥാപനമായ ഹാന്റക്സ്, പൊതുമേഖലാ സ്ഥാപനമായ ഹാൻവീവ് എന്നിവയ്ക്ക് കൈത്തറി പ്രദർശന വിപണന മേളകളിൽ (സംസ്ഥാനത്തിനകത്തും അന്യ സംസ്ഥാനങ്ങളിലും) പങ്കെടുക്കുന്നതിന് വേണ്ട സാമ്പത്തിക സഹായം നൽകി വരുന്നു.<br>ii)സംസ്ഥാന പ്രദർശനമേളകളിൽ പങ്കെടുക്കുന്നവർക്ക് അവരുടെ ആകെ വിൽപനയുടെ 10% പരമാവധി 10,000 രൂപ 'എക്സിബിഷൻ ഗ്രാന്റായി' നൽകുന്നു.<br>iii)സംസ്ഥാനത്തിനകത്ത് ഓണം, ക്രിസ്തുമസ്, വിഷു എന്നീ സീസണുകളിലും കൂടാതെ പ്രത്യേക അനുമതിയോടു കൂടിയും സംഘടിപ്പിക്കുന്ന പ്രദർശന വിപണനമേളകൾക്കായി ജില്ലാ വ്യവസായകേന്ദ്രങ്ങൾ മുഖേന തുക അനുവദിച്ചു നൽകുന്നുണ്ട്.<br>iv)നാഷണൽ ഹാന്റ്‌ലൂം എക്സ്പോ, സ്പെഷ്യൽ ഹാന്റ്‌ലൂം എക്സ്പോ, ഇൻഡ്യ ഇന്റർനാഷണൽ ട്രെയ്ഡ് ഫെയർ(ഐ.ഐ.റ്റി.എഫ്), മലബാർ ക്രാഫ്റ്റ് മേള എന്നിങ്ങനെയുള്ള ദേശീയ അന്തർദേശീയ പ്രദർശന വിപണന മേളകളിൽ പങ്കെടുക്കുന്നതിനായി സാമ്പത്തിക സഹായം നൽകി വരുന്നു. |

v)തിരുവനന്തപുരത്ത് വി.ജെ.റ്റി ഹാൾ, വികാസ് ഭവൻ എന്നിവിടങ്ങളിലും മറ്റ് ജില്ലകളിലും പ്രദർശനമേളകൾ പ്രത്യേകാനുമതിയോടു കൂടി സംഘടിപ്പിക്കുന്നതിന് വേണ്ട തുകയും എക്സി ബിഷൻ ഗ്രാന്റും നൽകുന്നു.

vi)സീസണുകളിൽ വിപണനം പ്രോത്സാഹിപ്പിക്കു ന്നതിന് സംസ്ഥാനവിഹിതമായി റിബേറ്റ് നൽകി വരുന്നു.

vii)ഷോറൂം നിർമ്മാണത്തിനും നവീകരണത്തിനു മായും ഫണ്ട് അനുവദിച്ചു നൽകുന്നുണ്ട്.

viii)കൈത്തറി വസ്ത്രങ്ങൾ വിദേശത്ത് കയറ്റുമതി ചെയ്യുന്നതിന് പ്രോത്സാഹനമായി വിദേശ വിൽപന/കയറ്റുമതിക്ക് 'എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവ്' പദ്ധതി നടപ്പിലാക്കി വരുന്നു.

| | |
|---|---|
| (ബി) പ്രാഥമിക കൈത്തറി ഉൽപ്പന്നങ്ങളുടെ കയറ്റുമതിക്ക് പ്രോത്സാഹനം നൽകുന്നതിനായുള്ള എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ; | (ബി) പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങളുടെ കയറ്റുമതിക്ക് പ്രോത്സാഹനം നൽകുന്നതിനായി സംസ്ഥാനസർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവ്' . കണ്ണൂരിൽ നിന്നുള്ള 2 പ്രാദേശിക കൈത്തറി സംഘങ്ങളാണ് പ്രസ്തുത പദ്ധതിയുടെ സഹായത്തോടു കൂടി വിദേശത്ത് കൈത്തറി ഉൽപന്നങ്ങൾ വിപണനം നടത്തി വരുന്നത്. 2018-19 സാമ്പത്തിക വർഷം ആകെ 19,47,163/- രൂപ ഈ ഇനത്തിൽ നൽകിയിട്ടുണ്ട്. 2019-2020 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം, എക്സ് പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവിനായുള്ള കൈത്തറി സഹകരണ സംഘങ്ങളുടെ അപേക്ഷകളൊന്നും നാളിതു വരെ ലഭിച്ചിട്ടില്ല. |
| (സി) പ്രസ്തുത ഇൻസെന്റീവ് നൽകുന്ന കാര്യത്തിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) വിൽപനയുടെ 20% തുകയാണ് എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവായി സംഘങ്ങൾക്ക് നൽകുന്നത്. പ്രസ്തുത കാര്യത്തിന് നിയന്ത്രണങ്ങൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**